(ജി) 1. ആസൂത്രണത്തിന്റെ ആദ്യവർഷത്തിൽ പ്രോജക്ടുകളും പദ്ധതിരേഖകളും തയ്യാറാക്കുന്നതിലുണ്ടായ ന്യൂനതകൾ വലിയ പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2. ആസൂത്രണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപ്പു വർഷത്തിൽ നാലാം വാർഷിക പദ്ധതി, സാമ്പത്തികവർഷത്തിന്റെ ആരംഭത്തിൽതന്നെ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്രഥമ വർഷത്തിൽ സമയബന്ധിതമായ പദ്ധതിനിർവ്വഹണം പൂർത്തിയാക്കുന്നതിന് കഴിഞ്ഞില്ല. എന്നാൽ ഇത്തരത്തിലുള്ള അപാകതകളെല്ലാം ദൂരീകരിച്ച് നടപ്പുവർഷത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്. ഇപ്രകാരം ജനകീയാസൂത്രണത്തിലും പദ്ധതിനിർവ്വഹണത്തിലും ഗണ്യമായ പുരോഗതി കൈവരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിലയിരുത്തൽ.

(എച്ച്) ഇപ്പോൾ ഉദ്ദേശ്യമില്ല.

**330 (1523) ജനകീയാസൂത്രണ പദ്ധതികൾക്ക് നീക്കിവച്ച തുകയുടെ വിനിയോഗം**

ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഓരോ മുനിസിപ്പൽ കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും 1997-98, 1998-99 വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതികൾക്കു നീക്കിവച്ച തുകയിൽനിന്നും തുടർന്നുള്ള വർഷങ്ങളിൽ വർക്കുകൾ നടത്തുന്നതിനോ സേവനങ്ങളോ സാധനങ്ങളോ ലഭ്യമാക്കുന്നതിനോ ആയി വൈദ്യുതി ബോർഡ്, ഹൗസിംഗ് ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം വിനിയോഗിച്ചു;

(ഡി) തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

**331 (1524) ജനകീയാസൂത്രണ പദ്ധതികൾക്ക് കേന്ദ്രം നൽകുന്ന തുകയുടെ വിനിയോഗം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ ബാബു :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും തുക ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എന്തു തുകവീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകുന്ന തുകയുടെ വിനിയോഗം നിരീക്ഷിക്കുവാൻ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് കേന്ദ്രവിഹിതം ലഭിക്കുന്നില്ല.

(സി)&(ഡി) ബാധകമല്ല.

**332 (1525) ജനകീയാസൂത്രണ ഫണ്ട് വിനിയോഗിക്കുന്നതിലെ ക്രമക്കേടുകൾ**

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ ഫണ്ട് വിനിയോഗിക്കുന്നതിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ക്രമക്കേടുകളും അഴിമതിയും യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഇതിനകം നടപടി ആരംഭിച്ചതും നടപടിയിലിരിക്കുന്നതുമായ അന്വേഷണ സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇവയുടെ അന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഓഡിറ്റ് കമ്മിഷന്റെ അന്വേഷണരീതി എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്കു പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ആഡിറ്റ് നടത്തുന്നതിന് പെർഫോർമൻസ് ആഡിറ്റ് സംവിധാനം നിലവിലുണ്ട്. പെർഫോർമൻസ് ഓഡിറ്റിൽ ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകളും അപാകതകളും അപ്പോഴപ്പോൾതന്നെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നു. ഫണ്ട് വിനിയോഗം സംബന്ധിച്ച് വാർഷിക കണക്കുകൾ ലോക്കൽ ഫണ്ട് വിഭാഗം പരിശോധിച്ച് അപാകതകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് വകുപ്പുതല അന്വേഷണം നടത്തുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലും സംസ്ഥാനതലത്തിൽ തദ്ദേശ ഭരണവകുപ്പു സെക്രട്ടറിയുടെ മേൽനോട്ടത്തിലും പരാതി അന്വേഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എ.ജി. യുടെ സാധാരണ ഓഡിറ്റ് കൂടാതെ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly